**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3532** **15-02-2024 - ൽ മറുപടിയ്ക്ക്**

**മണ്ണന്തല-പൗഡിക്കോണം മാതൃകാ റോഡ്, ആറ്റിപ്ര പാലം നിർമ്മാണം എന്നിവയ്ക്ക് സ്ഥലം ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മണ്ണന്തല-പൗഡിക്കോണം മാതൃകാ റോഡ് സ്ഥലമെടുപ്പ് സംബന്ധിച്ച നിലവിലെ സ്ഥിതി അറിയിക്കാമോ; പ്രസ്തുത പ്രവൃത്തിയുടെ സ്ഥലമെടുപ്പ് നടപടികൾ എപ്പോൾ പൂർത്തിയാക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ; | (എ) | മണ്ണന്തല - പൗഡിക്കോണം റോഡ് വികസനവുമായി ബന്ധപ്പെട്ട് മണ്ണന്തല മുതൽ പൗഡിക്കോണം വരെയുള്ള റീച്ച് 1 സ്ഥലമേറ്റെടുക്കൽ നടപടിയിൽ 02.1481 ഹെക്ടർ ഭൂമി ഉൾപ്പെട്ടു വരുന്നു.<br><br>സ്ഥലമേറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട 19(1) പ്രഖ്യാപനം 19/09/2023-ലെ 3064-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്.<br><br>എൽ.എ കോസ്റ്റ് 45 കോടി രൂപ ലഭ്യമായതിൽ ഉള്ളൂർ വില്ലേജിൽ ഉൾപ്പെട്ട 0.3212 ഹെക്ടർ ഭൂമിയുടെ അവാർഡ് നടപടികൾ പൂർത്തിയായിട്ടുള്ളതും 29/02/2024-ന് ഭൂമി കൈമാറുന്നതിന് നോട്ടീസ് നൽകിയിട്ടുള്ളതാണ്. ബാക്കി തുകയ്ക്ക് ഉളിയാഴ്ത്തുറ വില്ലേജിൽ ഉൾപ്പെട്ടു വരുന്ന ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി നടന്നു വരുന്നു. ബാക്കി ലഭിക്കാനുള്ള എൽ.എ കോസ്റ്റ് ആയ 92,68,47,428/- രൂപ ലഭിക്കുന്ന മുറയ്ക്ക് അവാർഡ് പാസാക്കി ഭൂമി പൂർണ്ണമായും ഏറ്റെടുത്ത് കൈമാറുന്നതാണ്. |
| (ബി) | ആറ്റിപ്ര പാലം നിർമ്മാണത്തിന് സ്ഥലം ഏറ്റെടുത്ത് നൽകുന്ന നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തിക്കായുള്ള സ്ഥലമെടുപ്പ് നടപടികൾ എപ്പോൾ പൂർത്തിയാക്കുമെന്ന് അറിയിക്കാമോ; | (ബി) | ആറ്റിപ്ര പാലം നിർമ്മാണത്തിന്റെ സ്ഥലമേറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട 19(1) പ്രഖ്യാപനം 05/10/2023-ലെ 3255-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്.<br><br>ലഭ്യമായ എൽ.എ കോസ്റ്റിൽ ആറ്റിപ്ര പാലത്തിനിരുകരകളിലുമുള്ള 11 എൽ.എ കേസുകളിലായി 0.0319 ഹെക്ടർ ഭൂമി ഏറ്റെടുത്ത് 30/01/2024 ൽ കൈമാറിയിട്ടുള്ളതാണ്. ബാക്കി 0.1240 ഹെക്ടർ അവാർഡ് നടപടികൾ പൂർത്തിയായിട്ടുള്ളതും ബാക്കി തുക ലഭിച്ചാലുടൻ ഏറ്റെടുത്ത് കൈമാറുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | പൗഡിക്കോണം-ശ്രീകാര്യം മാതൃകാ റോഡ് സ്ഥലം ഏറ്റെടുക്കൽ സംബന്ധിച്ച് നിലവിലെ സ്ഥിതി വിശദമാക്കാമോ? | (സി) | മണ്ണന്തല – പൗഡിക്കോണം - ശ്രീകാര്യം റോഡ് വികസനവുമായി ബന്ധപ്പെട്ട് പൗഡിക്കോണം മുതൽ ശ്രീകാര്യം വരെയുള്ള റീച്ച് 2 സ്ഥലമേറ്റെടുക്കൽ നടപടിയിൽ ഉള്ളൂർ, പാങ്ങപ്പാറ, ഉളിയാഴ്ത്തുറ വില്ലേജുകളിൽ 118.09ആർസ് ഭൂമി ഉൾപ്പെട്ടു വരുന്നു.<br><br>സ്ഥലമേറ്റെടുക്കൽ നടപടിയുമായി മുന്നോട്ട് പോകുന്നതിന് സെക്ഷൻ 8(2) പ്രകാരമുള്ള ഉത്തരവ് 18/01/2024 ന് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ